II ഇ.ബി.XVI-കേരളനിയമസഭ/II-2

പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2026 ഒക്ടോബർ 13, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5 (*31) ഇൻവെസ്റ്റ് കേരളം പദ്ധതി

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, ഭൂമിയുടെ ലഭ്യതക്കുറവ്, ഉയർന്ന വില, നടപടിക്രമങ്ങളിലെ കാലതാമസം എന്നിവ ഒഴിവാക്കി നിക്ഷേപകർക്കാവശ്യമായ സൗകര്യങ്ങളും നിയമപരമായ അനുമതികളും നിക്ഷേപാനന്തര പിന്തുണയും ഉറപ്പുവരുത്താനായി ഡാറ്റാ അധിഷ്ഠിത 'ഇൻവെസ്റ്റ് കേരളം' പദ്ധതി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ രൂപീകരിച്ചിട്ടുണ്ടെന്നും വിദേശ നിക്ഷേപം ആകർഷിക്കാനായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നിവിടങ്ങളിൽ കേരളഡെസ്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കെ.എസ്.ഐ.ഡി.സി., ഇൻഫർമേഷൻ ടെക്നോളജി, എ.ഐ. & ഫ്യൂച്ചർ ടെക്നോളജി വകുപ്പ് എന്നിവ മുഖേന 73,401/- കോടി രൂപയുടെ നിക്ഷേപ പദ്ധതികളുടെ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചതുവഴി 1756.52 കോടി രൂപയുടെ നിക്ഷേപവും 48304 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ടെന്നും കാക്കാനാട്ടുള്ള കിൻഫ്രയുടെ ഭൂമിയിൽ ഐ.റ്റി.സി.-യും വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ച് KSIE-യുടെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും ഷറഫ് ഗ്രൂപ്പിന്റെ ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കാനും സോളാർ പവർ സിസ്റ്റം, ബാറ്ററി സ്റ്റോറേജ് സിസ്റ്റം, കാസർഗോഡ് ജില്ലയിലെ ബോക്സൈറ്റ് ഖനനം, ബങ്കറിങ് സർവീസ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കാനുമുള്ള നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. സംരംഭകർക്ക് നിയമപരമായ അനുമതികൾ

ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനായി 'ഒരു സംസ്ഥാനം-ഒരു അനുമതി-ഒരു രേഖ' സംവിധാനത്തിനും അതിനായി 'സരൾ കേരളം' (Simplified and Accelerated Regulatory Approvals and Licencing) പദ്ധതിക്കും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പാക്കാനാവശ്യമായ നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഉത്തരവുകളിലും ഭേദഗതികൾ വരുത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും നിക്ഷേപകരെ ആകർഷിക്കാനുള്ള പുതുക്കിയ ഇൻസെന്റീവ് പാക്കേജിലും ഭൂവിനിയോഗത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കിൻഫ്രാ പാർക്കുകൾ സജീവമാക്കാനുള്ള പദ്ധതി ആലോചനയിലാണെന്നും വിദേശ രാജ്യങ്ങളിൽ ലോജിസ്റ്റിക് പാർക്കുകൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6 (*32) ചെറുകിട യൂണിറ്റുകളുടെ അടച്ചുപൂട്ടൽ

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അതിർത്തി കടന്നുള്ള ക്രഷർ മെറ്റീരിയലുകളുടെ വരവ് നിലച്ചതുമൂലം അസംസ്കൃത വസ്തുക്കൾക്കുണ്ടായ ക്ഷാമം, വിലക്കയറ്റം എന്നിവ സംസ്ഥാനത്തെ ഹോളോബ്രിക്സ് നിർമ്മാണ മേഖലയുടെ സപ്ലൈ ചെയിനിനെ കാര്യമായി ബാധിച്ചിട്ടുണ്ടെന്നും തൊഴിലാളികളുടെ തൊഴിൽ നഷ്ടവും ഉൽപാദന സ്തംഭനവും കരാറുകാർ നേരിടുന്ന പ്രതിസന്ധിയും ഉൽപാദനക്ഷമതയിൽ ഇടിവുണ്ടാകുന്നതിന് കാരണമാകുന്നുണ്ടെന്നും ഖനന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തമിഴ്നാട് സർക്കാർ കരിങ്കല്ല്, എംസാൻഡ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾക്ക് ഏർപ്പെടുത്തിയ താൽക്കാലിക നിരോധനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളമുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മഹാബലിപുരത്തുവച്ച് നടന്ന സൗത്ത് സോൺ കൗൺസിൽ യോഗത്തിനിടെ മുഖ്യമന്ത്രിയും വ്യവസായ-ഐ.ടി. വകുപ്പുമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി നിരോധനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. തമിഴ്നാട്ടിൽനിന്നും

ക്രഷർ മെറ്റീരിയൽ ലഭ്യമാക്കാനുള്ള ശ്രമം തുടരുന്നുണ്ടെന്നും സംസ്ഥാനത്തെ ക്രഷർ മെറ്റീരിയൽ ക്ഷാമം പരിഹരിക്കാൻ സമയബന്ധിതമായ നടപടി സ്വീകരിച്ചുവരികയാണെന്നും നിയമാനുസൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ക്വാറികൾ തുറന്നുപ്രവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ഒക്ടോബർ മാസത്തോടെ കൂടുതൽ ക്രഷർ മെറ്റീരിയലുകൾ നൽകാമെന്ന് തമിഴ്നാട് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

7 (*33) <u>എക്സൈസ് വകുപ്പിലെ സ്ഥലംമാറ്റം</u>

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ലിജു) നൽകിയ മറുപടിയിൽ, അച്ചടക്കനടപടിയുടെ ഭാഗമായി സേവനത്തിൽ വേലവിലക്കിയിരുന്ന എക്സൈസ് ഇൻസ്പെക്ടർ ശ്രീ. സുനിൽ കുമാർ വി. ജി.-യെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് സൗത്ത് സോൺ ജോയിന്റ് എക്സൈസ് കമ്മിഷണർ ഓഫീസിൽ നിയമിക്കുകയും തുടർന്ന് പൊതുസ്ഥലംമാറ്റ ഉത്തരവിൻപ്രകാരം ടിയാനെ കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസിലേക്ക് ഭരണസൗകര്യാർത്ഥം സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ടെന്നും സ്ഥലംമാറ്റങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പൊതുസ്ഥലംമാറ്റത്തിനെതിരെ ഉദ്യോഗസ്ഥർ നേരിട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എറണാകുളം, തിരുവനന്തപുരം ബെഞ്ചുകൾക്ക് മുമ്പാകെ ഒ.എ.-കൾ ഫയൽ ചെയ്തിട്ടുള്ളതാണെന്നും വകുപ്പുതലവന്റെ ഉത്തരവുകൾ ലംഘിച്ച് ക്രമവിരുദ്ധമായി സ്ഥലംമാറ്റം നടത്തിയിട്ടില്ലാത്തതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിൽ സാമ്പത്തിക ഇടപാടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാരുടെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടി ഉടൻ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*34) <u>കെ.എസ്.ഇ.ബി.-യുടെ സമഗ്ര വികസനം</u>

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്) നൽകിയ മറുപടിയിൽ, 2021-ലെ KSERC (Terms and Conditions for Determination of Tariff)

Regulations, പ്രകാരം വൈദ്യുതി വിതരണമേഖലയിൽ 2027-28 മുതൽ 2031-32 വരെയുള്ള അഞ്ച് വർഷത്തേക്കുള്ള പദ്ധതികളാണ് തയ്യാറാക്കിവരുന്നതെന്നും പ്രസ്തുത കാലയളവിലേക്കുള്ള Distribution Capital Investment Plan – Dyuthi 3.0 തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് വൻകിട, ചെറുകിട ജലവൈദ്യുത പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ, കാറ്റോർജ പദ്ധതികൾ എന്നിവ ആവിഷ്കരിക്കുന്നുണ്ടെന്നും ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ദ്യുതി 2 പദ്ധതിയുടെ ഭാഗമായി 1943 conductor കി.മീ HT ലൈനുകൾ, 20118 conductor കി.മീ LT ലൈനുകൾ എന്നിവ റീ-കണ്ടക്ടറിങ് നടത്തുകയും 3630 പഴയ ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കുകയും RDSS പദ്ധതിയിലുൾപ്പെടുത്തി 3792 കി.മീ. ലൈനുകളുടെ റീ-കണ്ടക്ടറിങ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ദ്യുതി 2/RDSS പദ്ധതിയിലുൾപ്പെട്ട ബാക്കി പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. കേന്ദ്ര സർക്കാരിന്റെ അധിക വായ്പാ പദ്ധതിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടമായ 1023.61 കോടി രൂപയിൽ 767.71 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ നഷ്ടമായ 549.21 കോടി രൂപയിൽ 494.289 കോടി രൂപയും സർക്കാർ ഏറ്റെടുക്കുകയും സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജിന്റെ 28-02-2026 വരെയുള്ള കുടിശ്ശികയും കെ.എസ്.ഇ.ബി. ലിമിറ്റഡിന് സർക്കാർ നൽകാനുള്ള സബ്സിഡി തുകയും അതത് വർഷങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കാൻ അനുമതി നൽകുകയും ചെയ്തതിലൂടെ സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ് കുടിശ്ശിക കുറയ്ക്കാനും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സൂചിക മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും വിപണിയിലെ വൈദ്യുതി ലഭ്യതയും മുൻകൂട്ടി വിലയിരുത്തി വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കുന്നതിനും വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഭരണച്ചെലവ് കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ട്രാൻസ്ഫോമറുകളുടെ ശേഷി വർധിപ്പിക്കാനുള്ള നടപടി

ആരംഭിച്ചിട്ടുണ്ടെന്നും ഉപഭോക്താക്കളുടെ എണ്ണവും ഭൂവിസ്തൃതിയും പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതാണെന്നും കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിന് പ്രത്യേക പരിഗണന നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.